## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5339** **25/10/2011 -ൽ മറുപടിക്ക്**

### വാഹന അപകടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>വിദ്യാഭ്യാസ വകുപ്പു മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്ന എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട് ; | (എ) 17 വാഹനങ്ങൾ. |
| (ബി) ഇതുമൂലം എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് , എത്ര പേർക്ക് മാരകമായ പരുക്കു പറ്റിയിട്ടുണ്ട് ; | (ബി) 11 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. 56 കുട്ടികൾക്ക് മാരകമായ പരിക്ക് പറ്റിയിട്ടുണ്ട് |
| (സി) സ്കൂൾ കുട്ടികളെ കയറ്റിയ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ ? | (സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എം4/34701/11/ഡിപിഐ തീയതി 3.7.2011, എം4 40015/11 തീയതി 27.9.2011 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം സുരക്ഷാ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.<br>1989 ലെ കേരള മോട്ടോർ വാഹന ചട്ടം 291 പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് വാഹനത്തിന്റെ മുൻവശത്തും, പുറകുവശത്തും മുകളിലായും വാഹനത്തിന്റെ ഇടതുവശത്തും വ്യക്തമായി വായിക്കുവാൻ കഴിയുന്ന രീതിയിൽ തിരശ്ചീനമായി എഴുതിയിരിക്കണം. 23.12.2003 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം സ്കൂൾ ബസ്സിന് പെർമിറ്റ് നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.<br>(i) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് വാഹനം ഓടിച്ചുള്ള 10 വർഷത്തിൽ കുറയാത്ത പരിചയം ഉണ്ടായിരിക്കണം |

(ii) വാഹനം ഓടിക്കുന്ന വ്യക്തി അപകടകരമായ രീതിയിലും അശ്രദ്ധമായും വാഹനം ഓടിച്ചതിന്റെ പേരിലോ മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട ആൾ ആകരുത്

(iii) മണിക്കൂറിൽ 40 കിലോമീറ്റർ സ്പീഡ് എന്ന കണക്കിന് സെറ്റ് ചെയ്ത സ്പീഡ് ഗവർണ്ണർ ഉണ്ടായിരിക്കണം.

(iv) കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്നതിനും വാഹനത്തിന്റെ ഓരോ കവാടത്തിലും പ്രഗത്ഭനായ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.

(v) ബസ്സിൽ കയറുന്ന വിദ്യാർത്ഥികളുടെ എണ്ണം 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 ന് അനുസൃതമായിരിക്കണം.

(vi) ബസ്സിന്റെ ഓരോ കവാടത്തിനും വാതിൽ പ്ലാറ്റ്ഫോമുകൾ ഉണ്ടായിരിക്കണം.

മേല്പറഞ്ഞതു കൂടാതെ, 9.6.2010 ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്, താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി ഉണ്ടായിരിക്കണം.

(i) സ്കൂൾ ബാഗുകളും മറ്റു സാധനങ്ങളും സൂക്ഷിക്കുന്നതിന് സ്കൂൾ ബസ്സുകളിൽ പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരിക്കണം.

(ii) വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും സ്കൂൾ കുട്ടികളെ സഹായിക്കുന്നതു കൂടാതെ ബസ് അറ്റൻഡർ വിദ്യാർത്ഥികളെ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും സഹായിക്കേണ്ടതാണ്.

(iii) സ്കൂൾ അധികാരികൾ/ പി.റ്റി.എ. ഭാരവാഹികൾ സ്കൂൾ ബസ്സ് ജീവനക്കാരുടെ പെരുമാറ്റവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് ഗതാഗതവകുപ്പ് കർശനമാക്കിയിട്ടുണ്ട്. റോഡ് പരിശോധന കർശനമാക്കുന്നതിന് വേണ്ടി പ്രസ്തുത വകുപ്പിൽ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗതാഗത വകുപ്പിന്റെ പരിഗണനയിലുണ്ട്.

Sreedevi
സെക്ഷൻ ഓഫീസർ